കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമരമ്പലം ഗ്രാമപഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.26/2572/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി. 02-12-2019

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,

(സെക്രട്ടറി മുഖേന)

അമരമ്പലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :അമരമ്പലം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.എം.പി.എം.26/2572/2019 തിയ്യതി: 02-12-2019

## മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10/12/2018 മുതൽ 17/10/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : അജിത്ത് .ആർ, ഡെപ്യൂട്ടി ഡയറക്ടർ.

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17-10-2019 മുതൽ 28-10-2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. എം.യു സണ്ണി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. വേലായുധൻ കെ ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാമകൃഷ്ണൻ .ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. റഷീദ് വി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി .സുജാത സി | 01.04.2018 മുതൽ 24.09.2018 വരെ |
| ശ്രീ. എൻ.മുഹമ്മദ് (താൽക്കാലിക ചുമതല) | 25.09.2018 മുതൽ 21.10.2018 വരെ |
| ശ്രീമതി .മുനീഷ കടവത്ത് | 22.10.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.വി. ശിവദാസൻനായർ | 01.04.2018 മുതൽ 31.03.19 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ജിബിൻ ജോർജ് | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി .നിഷ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.റഹ്മത്ത് .കെ .പി | 01.04.2018മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പ്രദീപ് നെല്ലിക്കോടൻ | 01.04.2018മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ദിവ്യ.ജി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.ലിജു എബ്രഹാം | 01.04.2018 മുതൽ 08.11.2018 വരെ |
| | ശ്രീ.ഷമീർ വി എം | 09.11.2018 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അനോജ് കുമാർ | 01.04.2018 മുതൽ 17.07.2018 വരെ |
| | ശ്രീമതി. ഹസീന. എൻ കെ | 18.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.പർവ്വീൺ പി ടി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. അബ്ദുൾ റഷീദ് ഐ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ഷീജോയ് വി | 01.04.2018 മുതൽ 31.03.2019 |

| | | |
|---|---|---|
| (ആയുർവേദം) | | വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. പ്രമോദ് .വി | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം. | 1-5 | |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 | |
| 7 | ക്ഷേമ പദ്ധതികൾ | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | ആഭ്യന്തര നിയന്ത്രണം. | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 | |
| 12 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ഫീസ് നിരക്ക് നിശ്ചയിച്ചതിലെ അപാകത. | 1-12 | |
| 13 | ഫുട്ബോൾ ടർഫ് നിർമ്മാണത്തിന് ഭൂവികസന പെർമിറ്റ് അനുവദിച്ചതിന്റെ വിവരങ്ങൾ ലഭ്യക്കിയില്ല. | 1- 13 | |
| 14 | കതിര് ബയോഡൈവേഴ്സിറ്റി ഫാം - പ്രവർത്തനാനുമതി രേഖ ലഭ്യമാക്കിയില്ല. | 1-14 | |
| 15 | വസ്തുനികുതി കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 10,049/- രൂപ നഷ്ടം. | 1-15 | |
| 16 | തേക്ക് മരം ലേലം ചെയ്തില്ല | 1-16 | |
| 17 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ -അപാകതകൾ | 1-17 | |
| 18 | തെരുവു വിളക്ക് സ്ഥാപിയ്ക്കൽ പ്രവൃത്തി - അപാകതകൾ | 1-18 | |
| 19 | തനത് ഫണ്ട്-മുൻകൂർ/ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് തിരികെ ലഭ്യമായതിന്റെ വിവരം ലഭ്യമല്ല. | 1-19 | |

| | | | |
|---|---|---|---|
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-20 | |
| 21 | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട നൽകൽ പദ്ധതി – ലക്ഷ്യം കൈവരിച്ചില്ല. | 1-21 | |
| 22 | ലൈഫ് ഭവനനിർമ്മാണ പദ്ധതി-ആദ്യഗഡു മാത്രം കൈപ്പറ്റി നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-22 | |
| 23 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-ക്ഷീരവികസന വകുപ്പിന്റെ വിഹിതം ചേർത്തു നൽകി. | 1-23 | |
| 24 | കുടിവെള്ള ഗാർഹിക കണക്ഷൻ-ഗുണഭോക്താക്കളുടെ ചെലവു രേഖകൾ ഹാജരാക്കിയില്ല. | 1-24 | |
| 25 | കാർഷിക പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയില്ല. | 1-25 | |
| 26 | വാഹന വാടക അനുവദിച്ചതിന് ക്വട്ടേഷൻ/ടെണ്ടർ രേഖകൾ ഹാജരാക്കിയില്ല. | 1-26 | |
| 27 | വിവിധ മരാമത്ത് പ്രവൃത്തികൾ -പിഴ പൂർണമായും ഈടാക്കിയില്ല | 1-27 | |
| 28 | അഗതി രഹിത കേരളം പദ്ധതി | 1-28 | |
| 29 | ഹോമിയോ മരുന്ന് പൂർണ്ണമായി ലഭ്യമായില്ല | 1-29 | |
| 30 | ന്യൂട്രിമിക്സ് ഗുണനിലവാര പരിശോധന നടത്തിയതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-30 | |
| ഭാഗം II വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 31 | വസ്തുനികുതി കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 10,049/- രൂപ നഷ്ടം. | 2-1 | |
| ഭാഗം III ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| | --ഇല്ല -- | | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 | |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 | |
| 36 | വായ്പ / വായ്പ തിരിച്ചടവ് | 4-5 | |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-6 | |
| | | | |

| | | | |
|---|---|---|---|
| 38 | ഓഡിറ്റ് റിക്കവറി | 4-7 | |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 | |
| 40 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 | |
| 43 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 8-2-2018 ലെ 1(1) നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 05.02.19 തിയതിയിലെ 2(1) തീരുമാന പ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2019 | 27.04.2019 | | |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,28,33,329 |
| വരവ് | 14,68,21,321 |
| ആകെ | 15,96,54,650 |
| ചെലവ് | 12,51,93,729 |
| നീക്കിയിരിപ്പ് | 3,44,60,921 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 26738000 | 26738000 | 24301096 | 2436904 |
| വികസനഫണ്ട് | 0 | 10668000 | 10668000 | 9172141 | 1495859 |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി. | | | | | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2212000 | 2212000 | 1536384 | 675616 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 19247000 | 19247000 | 19225719 | 21281 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5722000 | 5722000 | 5663731 | 58269 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 14838793 | 14838793 | 12408371 | 2430422 |
| എം.എൻ.ആർ.ഇ.ജി.എസ്. | 50562 | 15005237 | 150558799 | 15047298 | 8501 |
| ബി ഫണ്ട് | 0 | 801940 | 801940 | 801940 | 0 |
| തനത് ഫണ്ട് | 5019971 | 7990104 | 13010075 | 1085614 | 11924461 |
| ട്രഷറി ടി എസ് ബി | 2489812 | 30685001 | 33174813 | 17233553 | 15941260 |
| യൂനിയൻ ബാങ്ക് (എസ് ജി ആർ വൈ) | 70 | 0 | 70 | 0 | 70 |
| അമരമ്പലം സർവ്വീസ് കോ.ഓപ്പ് .ബാങ്ക് -37 | 1510 | 0 | 1510 | 0 | 1510 |
| അമരമ്പലം സർവ്വീസ് കോ.ഓപ്പ് .ബാങ്ക് -34 | 99990 | 0 | 99990 | 0 | 99990 |
| എസ് ജി ആർ വൈ -ടി പി അക്കൗണ്ട് | 100 | 0 | 100 | 0 | 100 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | 0 | 8248733 | 8248733 | 6744248 | 666400 |
| എസ് ടി കോർപ്പസ് ഫണ്ട് | 1394967 | 38125 | 1433092 | 839146 | 593946 |
| എസ് എസ് എ | 24374 | 864 | 25238 | 0 | 25238 |
| സാക്ഷരത | 1227 | 291 | 1518 | 0 | 1518 |
| സാനിറ്റേഷൻ -എസ് എം ജി ബാങ്ക് | 4545899 | 1727852 | 6273751 | 1091125 | 5182626 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 280 | 161096117 | 209 | 107734142 | 66 | 5 | 77.65 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 50562 | 496608 | 547170 | 538669 | 8501 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 14508629 | 14508629 | 14508629 | 0 |
| ആകെ | 50562 | 15005237 | 15055799 | 15047298 | 8501 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 433440 | 222 |
| കർഷകതൊഴിലാളി പെൻഷൻ | 8257000 | 626 |
| വിധവാപെൻഷൻ | 21503600 | 1784 |
| വാർദ്ധക്യകാലപെൻഷൻ | 23227300 | 1963 |
| വികലാംഗപെൻഷൻ | 6030000 | 509 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 10 |
| 50 വയസിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1215300 | 104 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 51,447 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ കണ്ടെത്തിയ പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1)പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നുണ്ട്. കർഷക തൊഴിലാളി പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകവും, വാർദ്ധക്യകാല പെൻഷൻ, ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ എന്നിവ അപേക്ഷ ലഭിച്ച് 40 ദിവസത്തിനകവും അപേക്ഷകളിൽ തീരുമാനമെടുക്കേണ്ടതാണ്.

2) നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്റ്റ് രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണെങ്കിലും സെക്രട്ടറി, ഐ സി ഡി എസ് സൂപ്പർവൈസർ എന്നിവർ ആയത് പാലിച്ചിട്ടില്ല.

3)വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർഷത്തിൽ ഒന്നു രണ്ടുതവണ യോഗം ചേരുന്നതിൽ അവസാനിയ്ക്കുന്നതാണ് ഇവയുടെ പ്രവർത്തനം. 2018-19 വർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തികളൊന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

4)പദ്ധതികൾ തയ്യാറാക്കുന്നതിൽ ആസൂത്രണസമിതി രൂപികരണം മുതൽ അവ പൂർത്തീകരിച്ച് അന്തിമ വിശകലനം നടത്തുന്നതുൾപ്പെടെയുള്ള മുഴുവൻ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കേണ്ട സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനവും തൃപ്തികരമല്ല.

5) ശുചിത്വമിഷൻ ഗ്രാന്റ് ഇനത്തിൽ 41,80,341 രൂപയും, ടോട്ടൽ സാനിറ്റേഷൻ ഇനത്തിൽ 7,58,000 രൂപയും ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ടിൽ സൂക്ഷിച്ചിരിയ്ക്കുന്നു. പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് ഇനത്തിലും 5,93,946 രൂപ വർഷാവസാനം ചെലവഴിക്കുവാൻ അവശേഷിച്ചിട്ടുണ്ട്. കൂടാതെ, ടി എസ് പി ഫണ്ടിന്റെ 70% മാത്രമാണ് 2018-19 ൽ വിനിയോഗിച്ചിട്ടുള്ളത്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.10.2019 | 01.09.19 മുതൽ 30.09.19 വരെ | 15.10.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.01.2019 | 2013-14 മുതൽ 2017-18 വരെ | 03.08.19 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1) മുൻ വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ തൻവർഷത്തെ ലഡ്ജർ ട്രയൽ ബാലൻസ് മുന്നിരിപ്പുമായി താഴെ പറയുന്ന ഹെഡ്ഡിൽ പൊരുത്തപ്പെടുന്നില്ല.

| ഹെഡ് | ബാലൻസ് ഷീറ്റ് തുക | ട്രയൽ ബാലൻസ് പ്രകാരം മുന്നിരിപ്പ് |
|---|---|---|
| 320300199 | 25000 | 26270 |

2)മുൻ വർഷത്തെ B1 schedule പ്രകാരം 310900101 എന്ന ഹെഡ്ഡിലെ ബാധ്യത 2,66,24,784 രൂപയാണ്. എന്നാൽ തൻവർഷത്തെ അക്കൗണ്ട് പ്രകാരം (B1 land scape statement) മുന്നിരിപ്പ് 2,66,26,054 രൂപയാണ്.

3)ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഗുണഭോക്തൃവിഹിതം ഇനത്തിൽ തൻവർഷ വരവ് 10,24,360 രൂപയാണ്. എന്നാൽ എ എഫ് എസ് പ്രകാരം ഈ ഇനത്തിൽ വരവ് 1,92,840 രൂപയാണ്.

4)മുൻ വർഷത്തെ എ എഫ് എസ് സർട്ടിഫിക്കറ്റിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയ അപാകതകൾ പരിഹരിച്ചിട്ടില്ല.
5)കോൺട്രാക്ടേഴ്സ് റീറ്റൻഷൻ ഡെപ്പോസിറ്റ് തുക ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
6)അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിനു മുൻപുള്ള മുഴുവൻ ആസ്തികളും തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
7) പണമിടപാടുകൾ ഒന്നും നടക്കാതെ നിർജ്ജീവമായിട്ടുള്ള യൂണിയൻ ബാങ്ക് (SGRY) അമരമ്പലം കോ-ഓപ്പറേറ്റീവ് ബാങ്ക് (37), എസ്.ജി.ആർ.വൈ ടി.പി അക്കൗണ്ട് എന്നിവ ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-12 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ഫീസ് നിരക്ക് നിശ്ചയിച്ചതിലെ അപാകത.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത്‌രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 23.02.2018 തിയ്യതിയിലെ പഞ്ചായത്ത് യോഗം ഇത് ചർച്ച ചെയ്യുകയും 1-ാം നമ്പർ തീരുമാന പ്രകാരം പുതുക്കിയ ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 150 രൂപ വരെ ലൈസൻസ് ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾക്കും, സ്വയംതൊഴിൽ ആവശ്യാർത്ഥം നടത്തുന്ന പെട്ടിക്കടകൾ, ഉപജീവന മാർഗ്ഗത്തിനായുള്ള മറ്റു ചെറിയ സ്ഥാപനങ്ങൾ എന്നിവയ്ക്കും അവരുടെ പുതുക്കിയ ലൈസൻസ് ഫീസ് 200/- രൂപയായും നിലവിൽ 200/- രൂപയോ അതിനുമുകളിലോ ലൈസൻസ് ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങളുടെ പുതുക്കിയ ലൈസൻസ് ഫീസ് 500/- രൂപയായും അതിനു മുകളിലുള്ള മിനി എന്റർപ്രൈസസുകൾ, മീഡിയം എന്റർപ്രൈസസുകൾ, ലാർജ് എന്റർപ്രൈസസുകൾ എന്നിവയ്ക്ക് സർക്കാർ വിജ്ഞാപനത്തിൽ പറഞ്ഞ പ്രകാരം മൂലധന

നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലും ലൈസൻസ് ഫീസ് ഈടാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. സെക്രട്ടറിയുടെ എതിരഭിപ്രായം തള്ളിക്കളഞ്ഞ് കൊണ്ടാണ് ഭരണസമിതി ഇപ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിക്കേണ്ടതിന് പകരം സർക്കാരിന്റെ അനുമതിയില്ലാതെ നിലവിലുള്ള ലൈസൻസ് ഫീസിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ലൈസൻസ് ഫീസ് നിശ്ചയിച്ച് ലൈസൻസ് ഫീസ് ഈടാക്കിയ നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. അപാകതക്ക് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.11/25.10.2019) ഭരണസമിതി മുമ്പാകെ അവതരിപ്പിച്ച് അപാകത പരിഹരിക്കുന്നതാണ് എന്നുള്ള മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 ഫുട്ബോൾ ടർഫ് നിർമ്മാണത്തിന് ഭൂവികസന പെർമിറ്റ് അനുവദിച്ചതിന്റെ വിവരങ്ങൾ ലഭ്യക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4, 5 എന്നിവ പ്രകാരം ഭൂവികസനത്തിന് പെർമിറ്റ് ആവശ്യമാണ്. ചട്ടം 2(ac) പ്രകാരം ഉല്ലാസോദ്യാനങ്ങൾ, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം ഭൂവികസനത്തിൽ ഉൾപ്പെടുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡ് തോട്ടേക്കാട് അടുത്തിടെ നിർമ്മാണം പൂർത്തീകരിച്ച ഫുട്ബോൾ ടർഫിന് പെർമിറ്റ് അനുവദിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ: 01/24.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ ഭൂവികസന പെർമിറ്റ് നേടാതെയാണ് ഫുട്ബോൾ ടർഫിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2011 ലെ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-14 കതിര് ബയോഡൈവേഴ്സിറ്റി ഫാം - പ്രവർത്തനാനുമതി രേഖ ലഭ്യമാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4, 5 എന്നിവ പ്രകാരം കെട്ടിട നിർമ്മാണങ്ങൾക്കും ഭൂവികസനത്തിനും പെർമിറ്റ് ആവശ്യമാണ്. ചട്ടം 2(ac) പ്രകാരം, ഭൂവികസനമെന്നാൽ കാർഷികാവശ്യങ്ങൾക്കല്ലാതെ ഭൂമിയോ ജലാശയങ്ങളോ നികത്തി ഭൂമിയുടെ ഉപയോഗത്തിൽ കൊണ്ടുവരുന്നതോ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതോ ആയ മുഖ്യ മാറ്റം അല്ലെങ്കിൽ ഭൂമിയുടെ നിലവിലുള്ള മുൻ ഉപയോഗത്തിൽ മാറ്റം വരുത്തിക്കൊണ്ട് തെരുവുകൾ, നടപ്പാതകൾ എന്നിവ ക്രമീകരിക്കുക, ചതുപ്പ് നിലങ്ങളിൽ മാറ്റം വരുത്തൽ, ഉല്ലാസോദ്യാനങ്ങൾ, കളിസ്ഥലങ്ങൾ പോലുള്ള വികസനങ്ങൾ എന്നർത്ഥമാകുന്നു.

അമരമ്പലം ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ സമീപത്ത് 13- ാം വാർഡിൽ 'കതിര് ബയോഡൈവേഴ്സിറ്റി ഫാം' എന്ന പേരിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ ഭക്ഷണ ഭോജനശാലകളും ഉല്ലാസോദ്യാനവും ഓഡിറ്റോറിയവും പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനത്തിലേക്കുള്ള പ്രവേശനത്തിന് 20 രൂപ എൻട്രി ഫീസും ഈടാക്കുന്നുണ്ട്. എന്നാൽ ഈ സ്ഥാപനം

പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചതായി കാണുന്നില്ല. കെട്ടിടനിർമ്മാണങ്ങൾക്കും ഭൂവികസനത്തിനും ഭക്ഷണശാലകൾ പ്രവർത്തിപ്പിക്കുന്നതിനും പ്രവേശന ഫീസ് ഈടാക്കുന്നതിനും ഗ്രാമപഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 16/26.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 വസ്തുനികുതി കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 10,049/- രൂപ നഷ്ടം.

സ്വകാര്യ ഹോസ്റ്റൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 30 രൂപ / ച.മീ ആയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പൂക്കോട്ടുംപാടം നന്മ കൾച്ചർ സെന്ററിന്റെ ഉടമസ്ഥതയിലുള്ള 334.62 ച.മീറ്റർ തറവിസ്തീർണ്ണമുള്ള സ്പെഷ്യൽ റസിഡൻസ് വിനിയോഗത്തിലുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യം എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി 23.10.2018 തിയ്യതിയിൽ 4 രൂപ /ച.മീറ്റർ നിരക്കിൽ നികുതി ചുമത്തിയതിലൂടെ 10,049/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | AP 13/456 A |
| തറവിസ്തീർണ്ണം | 334.62 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 30 / ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി ( 334.62 x 30) | 10039 രൂപ |
| (-) ഇളവ് - 10 % (മേഖല – 10% ) | 1003 രൂപ |
| (+) വർദ്ധനവ് - 20 % (റോഡ്) | 2008 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 11044 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 1473 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 9571 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (11044 x 5%) | 552 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 74 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 478 രൂപ. |
| ആകെ നഷ്ടം (9571 + 478 ) | 10049 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും നഷ്ടതുകയായ 10,049/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 2/24.10.2019 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-16 കടപുഴകി വീണ തേക്ക് മരം ലേലം ചെയ്തു നൽകിയില്ല

ഗ്രാമപഞ്ചായത്തിലെ അമരമ്പലം സൗത്ത് അംഗനവാടി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് അംഗനവാടിയോട് ചേർന്നു നിന്നിരുന്ന ഒരു തേക്ക് മരം ഇക്കഴിഞ്ഞ മഴക്കെടുതിയിൽ കടപുഴകി വീണുവെന്നും, വീണു കിടക്കുന്ന തേക്ക് മരം അടിയന്തിരമായി ലേലം ചെയ്യുന്നതിനും, ആയത് മൂല്യനിർണ്ണയം നടത്തുന്നതിന് സോഷ്യൽ ഫോറസ്റ്റി അധികൃതരോട് അപേക്ഷിക്കുന്നതിനും, വാല്യുവേഷൻ ലഭിയ്ക്കുന്ന മുറയ്ക്ക് ലേലം ചെയ്തു വിൽക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.06.2018 ലെ 6(1) നം. തീരുമാനമുണ്ട്. എന്നാൽ 2018-19 വർഷത്തെ ലേലം വരവ് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ അപ്രകാരമൊരു ലേലം നടന്നിട്ടില്ലെന്ന് വ്യക്തമായി. ലേലം സംബന്ധിച്ച് മലപ്പുറം, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വാല്യുവേഷൻ ലഭിക്കുന്ന മുറയ്ക്ക് ലേലം ചെയ്തു വിൽക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/28.10.19) മറുപടിയായി അറിയിച്ചു. ആയതിന്റെ തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-17 പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ -അപാകതകൾ

അമരമ്പലം ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ കേരള വാട്ടർ അതോറിറ്റി മാസം തോറും സമർപ്പിക്കുന്ന ബില്ലുകൾ പ്രകാരം പ്രതിമാസം 243 എണ്ണം പൊതുടാപ്പുകൾക്ക് ടാപ്പൊന്നിന് 5250 രൂപ വീതം ഓഡിറ്റ് വർഷം മുഴുവൻ അടവാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1)ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം 184 എണ്ണം പൊതുടാപ്പുകളുടെ വിവരമാണ് ലഭ്യമായിട്ടുള്ളത്. ആയതിൽ മുഴുവൻ വാർഡുകളിലെയും വാർഡ് തിരിച്ചുള്ള വിവരം രേഖപ്പെടുത്തിയിട്ടില്ല. വിവരം മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2)ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന /പ്രവർത്തന രഹിതമായ പൊതുടാപ്പുകളുടെ വിവരം സംബന്ധിച്ച് നാളിതുവരെയും ഗ്രാമപഞ്ചായത്തിലെയും കേരള വാട്ടർ അതോറിറ്റിയിലെയും ഉദ്യോഗസ്ഥർ ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

3)സംയുക്ത പരിശോധന നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമല്ല. വാട്ടർ ചാർജ്ജിനകത്തിൽ അമിത തുകയാണ് ഗ്രാമ പഞ്ചായത്ത് ഒടുക്കി വരുന്നതെന്നും സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതുണ്ടെന്നും 30-07-18 ൽ 29(1) നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും പ്രസ്തുത തീരുമാനം നാളിതുവരെയും പ്രാവർത്തികമാക്കിയിട്ടില്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/28.10.2019) അപാകതകൾ പരിഹരിയ്ക്കുന്നതാണെന്ന മറുപടി ലഭിച്ചു. ആയത് പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 തെരുവു വിളക്ക് സ്ഥാപിയ്ക്കൽ പ്രവൃത്തി -അപാകതകൾ

പ്രോജക്റ്റ് നം. 184/19

തെരുവു വിളക്ക് സ്ഥാപിക്കൽ (സ്പിൽ ഓവർ )

വിനിയോഗിച്ച തുക – 5,00,000 രൂപ (പ്ലാൻ ഫണ്ട്)

ബിൽ നം. 18/18-19/ 27.09.18 – 4,91,504 രൂപ

ബിൽ നം. 9/18-19/ 26.06.18 – 8496 രൂപ

ആകെ - 5,00,000

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 154 എണ്ണം തെരുവുവിളക്കുകൾ പുതിയതായി സ്ഥാപിക്കാനാണ് വിഭാവനം ചെയ്തത്. ക്രൂസ് (കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി) മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 24W എൽ ഇ ഡി ലൈറ്റുകളാണ് സ്ഥാപിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)154 എണ്ണം തെരുവുവിളക്കുകൾ പുതിയതായി സ്ഥാപിക്കാനാണ് പദ്ധതി തയ്യാറാക്കിയതെങ്കിലും, 48 എണ്ണം തെരുവുവിളക്കുകൾ പുതിയതായി സ്ഥാപിക്കുകയും, 109 എണ്ണം തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുകയുമാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പ്രോജക്റ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

2)പുതിയതായി തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി 2017-18 വർഷത്തിൽ ഉൾപ്പെടെ പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളതാണ്. ഏതെല്ലാം സ്ട്രീറ്റ് ലൈറ്റുകളാണ് പ്രവർത്തനരഹിതമായിട്ടുള്ളതെന്നതു സംബന്ധിച്ചും, മാറ്റിസ്ഥാപിക്കലിന്റെ അനിവാര്യത സംബന്ധിച്ചും വ്യക്തമായ വിവരം ലഭ്യമാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. ഉത്തരവിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. (പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം./പ്രദേശം/വാർഡ്, വിവരം നൽകുന്ന ആളിന്റെ പേര്, ഫോൺ നമ്പർ, അറ്റകുറ്റപ്പണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ). ആയതും പാലിച്ചിട്ടില്ല.

3)പൂക്കോട്ടുംപാടം കെ എസ് ഇ ബി അസി. എഞ്ചിനീയറുടെ 10.05.19 ലെ എ3 -165/2017 നം. കത്തിൽ 48 എണ്ണം തെരുവുവിളക്കുകൾ പുതിയതായി സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 109 എണ്ണം തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കാനുള്ള അനുമതിപത്രവുമാണ് ലഭ്യമാക്കിയിട്ടുള്ളത്. വാർഡ് മെമ്പർമാർ സമർപ്പിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.15/26.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക5,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 തനതു ഫണ്ട് - മുൻകൂർ/ഡെപ്പോസിറ്റ് തുകകൾ

## ക്രമീകരിച്ചിട്ടുള്ളതിന്റെ വിവരം ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നടത്തിയ താഴെ പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ /തുകയുടെ ക്രമീകരണ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നം. / തീയ്യതി | തുക | ചെലവിന്റെ വിശദവിവരം |
|---|---|---|---|
| 1 | 21800170/18.06.18 | 1,90,000 | പ്രീ മൺസൂൺ ക്ലീനിംഗ് പ്രവർത്തികൾക്ക് വേണ്ടി മെഡിക്കൽ ഓഫീസർ (പി എച്ച് സി) ക്ക് നൽകിയ തുക<br>-ചെലവു രേഖകൾ ലഭ്യമാക്കേണ്ടതാണ്. |
| 2 | 21800356/8.08.18 | 60,000 | മെഡിക്കൽ ഓഫീസർ (പി എച്ച് സി)ക്ക് ദൈനംദിന ചെലവുകൾക്ക് അഡ്വാൻസായി നൽകിയ തുക<br>-ചെലവു രേഖകൾ ലഭ്യമാക്കേണ്ടതാണ്. |
| 3 | 21800358/08.08.18 | 1,12,687 | എം ജി എൻ ആർ ഇ ജി എസ് വിഭാഗത്തിന് രണ്ട് കമ്പ്യൂട്ടറും രണ്ട് പ്രിന്ററും വാങ്ങിയതിന് തനത്ഫണ്ടിൽ നിന്നും കെൽട്രോണിന് നൽകിയ തുക<br>-തുക തിരികെ തനത് ഫണ്ടിലേക്ക് ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 4 | 21800669/11.12.18 | 5204 | എം ജി എൻ ആർ ഇ ജി എസ് വിഭാഗത്തിന് രണ്ട് കമ്പ്യൂട്ടറും രണ്ട് പ്രിന്ററും വാങ്ങിയതിന് തനത്ഫണ്ടിൽ നിന്നും കെൽട്രോണിന് നൽകിയ അധിക തുക<br>-തുക തിരികെ തനത് ഫണ്ടിലേക്ക് ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 5 | 21800569/1.11.18 | 42,938 | സത്യകുമാരൻ സി, പ്രേരക്, പന്നികുളം തുടർ വിദ്യാകേന്ദ്രം, ന് 1.10.16 മുതൽ 31.03.17 വരെയും, 1.10.18 മുതൽ 31.03.18 വരെയും കാലയളവിലെ വേതനം, ടി എ ഇനങ്ങളിൽ തനത് ഫണ്ടിൽ നിന്നും നൽകിയ തുക<br>-തുക തിരികെ തനത് ഫണ്ടിലേക്ക് ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 6 | 21801098/12.03.19 | 10,656 | വാർഡ് 17 ൽ റോഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കുന്നതിന് കെ എസ് ഇ ബിയ്ക്ക് നൽകിയ |

| | | | |
|---|---|---|---|
| | | | തുക<br>- റോഡ് പഞ്ചായത്തിന്റേതാണോ എന്ന് ഫയലിൽ വ്യക്തമല്ല. |
| 8 | 21800948/21.02.19 | 15,000 | കോഴിശ്ശേരികുന്ന് അംഗനവാടിയിലേക്ക് വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക<br>- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 9 | 21801208/28.03.19 | 9,250 | എം ജി എൻ ആർ ഇ ജി എസ് വിഭാഗത്തിലെ ഓവർസീയർ മോഹൻദാസിന് ലീവ് സറണ്ടർ ഇനത്തിൽ നൽകിയ തുക, (ആയത് അഡ്വാൻസ് രജിസ്റ്ററിൽ തിരികെ ലഭിക്കുവാനുള്ള തുകയായി രേഖപ്പെടുത്തിയിട്ടില്ല.)<br>-തുക തിരികെ തനത് ഫണ്ടിലേക്ക് ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 10 | 21801209/28.03.19 | 9,250 | എം ജി എൻ ആർ ഇ ജി എസ് വിഭാഗത്തിലെ ഓവർസീയർ രാഗേഷിന് ലീവ് സറണ്ടർ ഇനത്തിൽ നൽകിയ തുക, (ആയത് അഡ്വാൻസ് രജിസ്റ്ററിൽ തിരികെ ലഭിക്കുവാനുള്ള തുകയായി രേഖപ്പെടുത്തിയിട്ടില്ല.)<br>-തുക തിരികെ തനത് ഫണ്ടിലേക്ക് ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |

വിശാദാംശങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/26.10.2019) മറുപടി ലഭ്യമായിട്ടില്ല. ചെലവുതുക (4,54,985 രൂപ)ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 1-20 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

2018-19 വർഷത്തിൽ അമരമ്പലം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്ലാൻ ഫണ്ടുപയോഗിച്ച് താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

I)<u>പ്രോജക്റ്റ് നം. 16/19</u>

സ്ട്രീറ്റ് മെയിൻ വലിയ്ക്കലും, മീറ്റർ സ്ഥാപിയ്ക്കലും

വിനിയോഗിച്ച തുക -11,87,000 രൂപ

ബിൽ നം. 26/18-19/24.01.19 – 9,86,872 രൂപ

ബിൽ നം. 8/18-19/26.06.18 - 2,00,128 രൂപ

പദ്ധതി പ്രകാരം 9714.5 മീറ്റർ സ്ട്രീറ്റ് മെയിൻ വലിയ്ക്കുന്നതിനും, മുൻപ് സ്ട്രീറ്റ് മെയിൻ വലിച്ചിട്ടുള്ള കെ എസ് ഇ ബി പൂക്കോട്ടുംപാടത്തിന് കീഴിലെ വിവിധ ട്രാൻസ്ഫോർമറുകൾക്ക് കീഴിൽ 16 മീറ്ററുകൾ സ്ഥാപിയ്ക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്

02. 07.2019 ന് കെ എസ് ഇ ബി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരം, പ്രവൃത്തി ആരംഭിച്ച് ഒരു വർഷത്തിനകം പൂർത്തീകരിക്കണം. ജോലിയുടെ പുരോഗതി ഗ്രാമപഞ്ചായത്തിനെ കെ എസ് ഇ ബി അറിയിക്കുകയും വേണം. പ്രവൃത്തി ആരംഭിച്ചതിന്റെയും പൂർത്തീകരിച്ചതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുക എന്നത് പണച്ചെലവേറിയ പദ്ധതിയായിരുന്നിട്ടും പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിൽ എത്ര മീറ്റർ സ്ട്രീറ്റ് മെയിൻ വലിച്ചിട്ടുണ്ടെന്നതിന്റെ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. അപാകത പരിഹരിക്കേണ്ടതും പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതുമാണ്.

II)<u>പ്രോജക്റ്റ് നം. 6/19</u>

16-ാം വാർഡിലെ കുരിക്കൾ കോളനി റോഡ് - അഞ്ചാംമൈൽ, പൂതക്കുളം റോഡ് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ പദ്ധതി

വിനിയോഗിച്ച തുക – 1,00,000 രൂപ

ബിൽ നം. 15/18-19/ 24.09.18

പദ്ധതിയ്ക്കായി 1,00,000 രൂപ എക്സി. എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, മലപ്പുറത്തിന് നൽകി. ടാപ്പ് ഗുണഭോക്താവ് സ്ഥാപിയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

29.09.2018 ന് (നം.4/18-19) കേരള വാട്ടർ അതോറിറ്റി എക്സി .എഞ്ചിനീയറും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരം, മറ്റു തടസ്സങ്ങൾ ഇല്ലാത്ത പക്ഷം ഈ തീയ്യതി മുതൽ ഒരു വർഷത്തിനകം പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

III)<u>പ്രോജക്റ്റ് നം. 5/19</u>

12-ാം വാർഡിലെ പറയംകാട് വില്ലൂത്ത്പാടം, അമീർപടി ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പദ്ധതി

വിനിയോഗിച്ച തുക – 1,45,000 രൂപ

ബിൽ നം. 16/18-19/ 22.09.18

പദ്ധതിയ്ക്കായി 1,45,000 രൂപ എക്സി. എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, മലപ്പുറത്തിന് നൽകി. ടാപ്പ് ഗുണഭോക്താവ് സ്ഥാപിയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

26.09.2018 ന് (നം.3/18-19) കേരള വാട്ടർ അതോറിറ്റി എക്സി .എഞ്ചിനീയറും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരം, മറ്റു തടസ്സങ്ങൾ ഇല്ലാത്ത പക്ഷം ഈ തീയ്യതി മുതൽ ഒരു വർഷത്തിനകം പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-21 ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട നൽകൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്റ്റ് നം. 49/19

ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട/ നാലുചക്രവാഹനം

വിനിയോഗിച്ച തുക – 2,99,991 രൂപ

ബിൽ നം.23/18-19/23.03.19

നിർവ്വഹണം - ഐ സി ഡി എസ് സൂപ്പർവൈസർ

ഭിന്നശേഷിയുള്ള 10 ഗുണഭോക്താക്കൾക്ക് സ്വന്തമായി ഉപജീവനമാർഗ്ഗം കണ്ടെത്തുവാൻ ലക്ഷ്യമിട്ട് നാലു ചക്രങ്ങൾ ഘടിപ്പിച്ച പെട്ടിക്കട വാങ്ങി നൽകുകയാണ് പദ്ധതിയിൽ ചെയ്തിട്ടുള്ളത്. സിഡ്കോയിൽ നിന്നുമാണ് പെട്ടിക്കട വാങ്ങിയിട്ടുള്ളത്. പദ്ധതി പ്രകാരം പെട്ടിക്കട കൈപ്പറ്റിയ ഒൻപത് ഗുണഭോക്താക്കളിൽ രണ്ടുപേരെ 25.10.2019 ന് നേരിട്ടും, ബാക്കിയുള്ളവരുമായി ഫോൺ മുഖേനയും ആശയവിനിമയം നടത്തിയതിൽ വ്യക്തമായ വസ്തുതകൾ ചുവടെ ചേർക്കുന്നു. (ഒരു ഗുണഭോക്താവിനെ ഫോൺ നമ്പർ ലഭ്യമല്ലാതിരുന്നതിനാലും സമയപരിമിതി മൂലവും ആശയവിനിമയം നടത്താനായിട്ടില്ല)

| ഗുണഭോക്താവിന്റെ പേരും വിലാസവും | നിലവിലെ അവസ്ഥ |
|---|---|
| അബ്ദുള്ള മഠത്തിൽ, ഉപ്പുവള്ളി, അമരമ്പലം (പി ഒ) | പെട്ടിക്കട നിലവിൽ വീട്ടിലുണ്ട്, സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഉപയോഗിച്ചിട്ടില്ല എന്നറിയിച്ചു. |
| നിഹാദ് ഇ .കെ എടശ്ശേരികുണ്ടിൽ, ഗാന്ധിപ്പടി, അമരമ്പലം സൗത്ത് (പി ഒ) | പെട്ടിക്കട ആവശ്യമില്ലെന്നറിയിച്ചുവെന്നും, പിന്നീട് കൈപ്പറ്റുകയാണുണ്ടായതെന്നും അറിയിച്ചു. പെട്ടിക്കട നിലവിൽ മറ്റൊരാൾക്ക് ഉപയോഗത്തിനായി നൽകിയിരിക്കുകയാണെന്നറിയിച്ചു. |
| മോഹനൻ കെ.വി, കോലോത്തുംവീട്ടിൽ അമരമ്പലം സൗത്ത് (പി ഒ) | പെട്ടിക്കട നിലവിൽ വീട്ടിലുണ്ട്. നാളിതുവരെയും ഉപയോഗിച്ചിട്ടില്ല എന്നറിയിച്ചു. |
| അബ്ദുൾറാഷിദ് , ചെറിയമ്പറം, | മാനസിക പ്രശ്നമുള്ള ടിയാൾക്ക് സ്വന്തമായി പെട്ടിക്കട ഉപയോഗിച്ച് ഉപജീവനം നടത്തുവാൻ സാധിയ്ക്കില്ലെന്നും, |

| | |
|---|---|
| പൂക്കോട്ടുംപാടം (പി ഒ) | പെട്ടിക്കട മറ്റാർക്കെങ്കിലും വാടകയ്ക്ക് കൊടുത്ത് വരുമാനം കണ്ടെത്താൻ സാധിയ്ക്കുമോയെന്ന് അന്വേഷിച്ച് വരുന്നതായി അറിയിച്ചു. പെട്ടിക്കട നിലവിൽ വീട്ടിലുണ്ടെന്നും അറിയിച്ചു. |
| പുളിയ്ക്കൽ പുഷ്പലത, അയ്യപ്പൻകുളം ചുള്ളിയോട് (പി ഒ) | പെട്ടിക്കട നിലവിൽ വീട്ടിലുണ്ട്, സാമ്പത്തിക ബുദ്ധിമുട്ടുമൂലം പെട്ടിക്കട ഉപയോഗിച്ചിട്ടില്ല. ഉപയോഗിയ്ക്കുവാൻ കഴിയില്ലെന്നും നേരിൽ അറിയിച്ചു. |
| വിലാഷ് വടക്കേക്കാലായിൽ, പൂക്കോട്ടുംപാടം പി ഒ | പെട്ടിക്കട നിലവിൽ വീട്ടിലുണ്ട്. പെട്ടിക്കട നാളിതുവരെയും ഉപയോഗിച്ചിട്ടില്ല എന്നറിയിച്ചു. |
| അബ്ദുറഹിമാൻ മേലേപ്പറമ്പിൻ, കവളമുക്കട്ട പി ഒ, പാട്ടക്കരിമ്പ് | പെട്ടിക്കട നിലവിൽ വീട്ടിലുണ്ട്, സാമ്പത്തിക ബുദ്ധിമുട്ടുമൂലം പെട്ടിക്കട ഉപയോഗിച്ചിട്ടില്ല എന്നറിയിച്ചു. |
| അബ്ദുറഹിമാൻ വളപ്പിൽ, അമരമ്പലം (പി ഒ) | പെട്ടിക്കട ഉപജിവനമാർഗ്ഗമായി ഉപയോഗിച്ചു വരുന്നു. |
| ബഷീർ വടക്കൻ ,ചുള്ളിയോട് പി ഒ | പെട്ടിക്കട ഉപജിവനമാർഗ്ഗമായി ഉപയോഗിച്ചു വരുന്നു. പുറമ്പോക്കിലാണ് പെട്ടിക്കട സ്ഥപിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 22/2018/ത.സ്വ.ഭ.വ തി.14.02.2018 പ്രകാരം കച്ചവടത്തിന് അനുയോജ്യമായ സ്ഥലത്തായിരിക്കണം പെട്ടിക്കട തുടങ്ങേണ്ടത്. റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിയ്ക്കരുതെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളതുമാണ്. ആയവ ഒന്നും തന്നെ പരിഗണിക്കാതെയാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് വ്യക്തമായി. |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1)ഭിന്നശേഷിയുള്ളവർക്ക് സ്വന്തമായി ഉപജീവനമാർഗ്ഗം കണ്ടെത്തുവാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. നാലുചക്രമുള്ള പെട്ടിക്കട കൊണ്ട് ഉപജീവനം നടത്തുന്നതിനാവശ്യമായ മാനസിക, ശാരീരിക ക്ഷമത ഗുണഭോക്താവിനുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ലെന്ന് മേൽ കാണിച്ച വിവരങ്ങളിൽ നിന്നും വ്യക്തമാണ്. ഒരാൾക്ക് മാത്രമാണ് വാങ്ങി നൽകിയ പെട്ടിക്കട കൊണ്ട് ഉപജീവനം സാധ്യമാകുന്നതെന്ന് നേരിൽ കണ്ട് ബോധ്യപ്പെട്ടു. പെട്ടിക്കട വാങ്ങി നൽകുന്നതിനു മുൻപ് ഗുണഭോക്താവിന് ഇതുകൊണ്ട് ഉപജീവനമാർഗ്ഗം സാധ്യമാകുമെന്നത് സംബന്ധിച്ച യാതൊരുവിധ സാധ്യതാ പഠനവും നടത്തിയിട്ടില്ല എന്ന് മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റിന് ബോധ്യമായി. ഗ്രാമപഞ്ചായത്തിന്റെ 16.07.18 ലെ 7-ാം നം.തീരുമാനപ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഭിന്നശേഷിക്കാർ എന്ന പരിഗണന മാത്രം അടിസ്ഥാനമാക്കി ആനുകൂല്യം നൽകുകയായിരുന്നു. ആയതിനെ സാധൂകരിക്കുന്ന വിവരങ്ങളാണ് ഓഡിറ്റ് നടത്തിയ

പരിശോധനയിൽ വെളിവായത്. പ്രൊജക്ടിന്റെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2)ടെണ്ടർ/ക്വട്ടേഷൻ മുഖേന ദാതാവിനെ തെരെഞ്ഞെടുക്കാനാണ് ലക്ഷ്യമിട്ടതെങ്കിലും, പിന്നീട് സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുകയായിരുന്നു. പെട്ടിക്കടയുടെ ഗുണനിലവാരം സംബന്ധിച്ച് യാതൊരു പരിശോധനയും നടത്തിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് ) നം. 22/2018/ത.സ്വ.ഭ.വ തി.14.02.2018 പ്രകാരം അസി.എഞ്ചിനീയർ അല്ലെങ്കിൽ ഓവർസീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

3)പദ്ധതി പ്രകാരവും, സബ്സിഡി മാർഗ്ഗരേഖ പ്രകാരവും ആദ്യവർഷം ഗുണഭോക്താവിന് പെട്ടിക്കടയുടെ നടത്തിപ്പിനുള്ള അവകാശം മാത്രമാണുള്ളത്. അതിനുശേഷം മാത്രമേ സ്വന്തമായി നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഒരു ഗുണഭോക്താവുമായും നിർവ്വഹണ ഉദ്യോഗസ്ഥ കരാർ ചമച്ചിട്ടില്ല. തൻമൂലം ഉപയോഗിക്കാതെ കിടക്കുന്ന പെട്ടിക്കടകൾ ഗുണഭോക്താവിൽ നിന്നും തിരികെ വാങ്ങി അർഹതയുള്ള മറ്റ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള സാധ്യത ഇല്ലാതാക്കി.

4)<u>ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.</u>

ശരിയായ പഠനമോ, ആസൂത്രണമോ കൂടാതെയും, പദ്ധതി സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയും മേൽ പദ്ധതി നടപ്പിലാക്കിയതിനാൽ പദ്ധതിക്കായി ചെലവഴിച്ച 2,99,991 രൂപ പാഴ്ച്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/28.10.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പാഴ്ചെലവിനുണ്ടായ കാരണങ്ങൾ അന്വേഷണവിധേയമാക്കേണ്ടതാണ്.

# 1-22 ലൈഫ് ഭവനനിർമ്മാണ പദ്ധതി-ആദ്യഗഡു മാത്രം കൈപ്പറ്റി നിർമ്മാണം പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ആദ്യ ഗഡു മാത്രം കൈപ്പറ്റി പിന്നീട് ഗഡുക്കളൊന്നും കൈപ്പറ്റാതെ, ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|
| സുനീറ ചെറുപള്ളിക്കൽ | 40000 | 25.06.2018 |
| കുഞ്ഞീവി ചെമ്പകത്ത് | 40000 | 25.06.2018 |
| പാത്തുമ്മ കണ്ടിയിൽ | 40000 | 25.06.2018 |
| ബിൻസി.വി. | 40000 | 17.07.2019 |

ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.7/24.10.198)ക്ക് മറുപടിയായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

# 1-23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-ക്ഷീരവികസന വകുപ്പിന്റെ വിഹിതം ചേർത്തു നൽകി.

പ്രൊജക്റ്റ് നം.20/19

ബിൽ നം.1/18-19/26,03.19—500068 (ഗ്രാമ പഞ്ചായത്ത് വിഹിതം)

ബിൽ നം.2/18-19/26,03.19—500468 (ഗ്രാമ പഞ്ചായത്ത് വിഹിതം)

ബിൽ നം.3/18-19/26,03.19—299464 (ഗ്രാമ പഞ്ചായത്ത് വിഹിതം)

1300000

ചെക്ക് നം.3350416/01.03.19-131812(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെക്ക് നം.3350417/15.03.19-48940(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെക്ക് നം.2065001/22.03.19-217722(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെക്ക് നം.3350420/22.03.19-401526(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

800000

നിർവ്വഹണം-ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ജി.ഒ.(എം.എസ്)22/2018 തസ്വഭവ./14.02.2018 – 13-ാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ കണക്കാക്കി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പടെയാണിത്. അതായത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലിറ്ററിന് 3 രൂപ പ്രകാരമാണ് അനുവദിക്കേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി മേൽപ്പറഞ്ഞ പ്രൊജക്റ്റ് പ്രകാരം കർഷകർക്ക് അധികം സബ്സിഡി നൽകിയതായി കാണുന്നു. 4/2018 മുതൽ 12/2018 വരെ 3 രൂപയിൽ അധികരിച്ചും 1/19 മുതൽ 3/19 വരെ 3 രൂപ പ്രകാരവും സബ്സിഡി അനുവദിച്ചതായി കാണുന്നു. വകുപ്പിന്റെ വിഹിതം ലഭ്യമായിട്ടില്ല. ആകെ 9 ക്ഷീരസംഘങ്ങളിലായി അളന്ന പാലിന്റെയും നൽകിയ സബ്സിഡിയുടെയും വിവരം താഴെ ചേർക്കുന്നു.

| കാലയളവ് | ആകെ അളന്ന പാൽ | നൽകിയ സബ്സിഡി | ക്രമപ്രകാരം നൽകാവുന്ന സബ്സിഡി (ലിറ്ററിന് 3 രൂപ പ്രകാരം) | അധികം |
|---|---|---|---|---|
| 4/18 മുതൽ 12/18 വരെ | 496159 ലിറ്റർ | 1895430 | 1488477 | 406953 |
| 01/19 മുതൽ | 68190 ലിറ്റർ | 204570 | 204570 | - |

| | | | | |
|---|---|---|---|---|
| 03/19 വരെ | | | | |
| | ആകെ | 2100000 | 1693047 | 406953 |

4/18 മുതൽ 12/18 വരെ സബ്സിഡി അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.3/24.10.2019)ക്ക് മറുപടിയായി ക്ഷീരവികസന വകുപ്പിന്റെ വിഹിതം അനുവദിക്കാതിരുന്നതിനാലാണ്, വകുപ്പിന്റെ തുക കൂടി ചേർത്തു നൽകിയത് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 406953 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 കുടിവെള്ള ഗാർഹിക കണക്ഷൻ - ഗുണഭോക്താക്കളുടെ ചെലവു രേഖകൾ ഹാജരാക്കിയില്ല.

1-പ്രൊജക്റ്റ് നം.190/18-19

ബിൽ നം.10/18-19/14.06.18-55000

ബിൽ നം.18/18-19/17.08.18-10000

ബിൽ നം.20/18-19/27.09.18-5000

ബിൽ നം.29/18-19/16.10.18-5000

ബിൽ നം.36/18-19/23.11.18-15000

ബിൽ നം.49/18-19/22.02.19.-25000

ബിൽ നം.57/18-19/16.03.19-25000

140000 (28x5000)

2-പ്രൊജക്റ്റ് നം.33/18-19

ബിൽ നം.11/18-19/30.10.18-70000

ബിൽ നം.13/18-19/22.11.18-115000

ബിൽ നം.15/18-19/24.12.18-65000

ബിൽ നം.17/18-19/09.02.19-45000

ബിൽ നം.20/18-19/18.03.19-75000

ബിൽ നം.21/18-19/27.03.19-10000

380000 (76x5000)

മേൽപ്പറഞ്ഞ പ്രൊജക്ടുകൾ പ്രകാരം 104 ഗുണഭോക്താക്കൾക്ക് പരമാവധി സബ്സിഡി തുകയായ 5000 രൂപ ഗാർഹിക വാട്ടർ കണക്ഷൻ എടുക്കുന്നതിനായി നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കണക്ഷൻ ലഭിച്ചതായുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കണക്ഷൻ എടുക്കുന്നതിനായി ഗുണഭോക്താവിന് വന്ന ചെലവിന്റെ രേഖകളൊന്നും സമർപ്പിക്കാതെ പരമാവധി തുക തന്നെ സബ്സിഡിയായി നൽകുകയാണുണ്ടായത്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.8/24.10.19)ക്ക് മറുപടിയായി എല്ലാ ഗുണഭോക്താക്കളുടെയും ചെലവ് 5000 രൂപയിൽ അധികരിച്ചിട്ടുണ്ടെന്നും ആയത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പരമാവധി തുക അനുവദിച്ചതെന്നും, മേലിൽ രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കാമെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

# 1-25 കാർഷിക പ്രവർത്തനങ്ങളിൽ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയില്ല.

ജി.ഒ(എം.എസ്)22/2018 തസ്വഭവ 14.02.18—സബ്സിഡി മാർഗ്ഗരേഖ പ്രകാരം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാധ്യതകളും പരിഗണിച്ച് കൊണ്ടായിരിക്കണം, കാർഷിക മേഖലയുടെ സമഗ്രപരിപാടികൾക്ക് രൂപം നൽകേണ്ടത് എന്നും നടീൽ, കൊയ്ത്ത്, വിളവെടുപ്പ് തുടങ്ങിയവ ഒഴികെയുള്ള പ്രവർത്തനങ്ങൾക്കെല്ലാം തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 18-19 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകളിലൊന്നും ഈ മാർഗ്ഗനിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഉദാഹരണമായി സമഗ്ര നെൽകൃഷി വികസനം, പച്ചക്കറി വികസനം എന്നിങ്ങനെ 2 പ്രോജക്ടുകൾ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയതിൽ, നിലമൊരുക്കുന്നത് ഉൾപ്പടെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് കൂലിച്ചെലവായി യഥാക്രമം 552500രൂപ, 255000രൂപ എന്നിങ്ങനെ ഗ്രാമ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഇതിൽ കൂടുതൽ തുക ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിരുന്നെങ്കിൽ, കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, കർഷകരുടെ ചെലവ് പരമാവധി കുറക്കുന്നതിനും സാധിക്കുമായിരുന്നു. ഭാവിയിൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

# 1-26 വാഹന വാടക അനുവദിച്ചതിന് ക്വട്ടേഷൻ/ടെണ്ടർ രേഖകൾ ഹാജരാക്കിയില്ല.

1-<u>പ്രൊജക്ട് നം.34/19</u>(<u>പരിരക്ഷ</u>)

ആകെ വാഹനവാടക ചെലവ്-228000

ബിൽ നം.1/18-19/29.06.18-40500

ബിൽ നം.3/18-19/31.07.18-16500

ബിൽ നം.6/18-19/18.08.18-16500

ബിൽ നം.9/18-19/19.09.18-16500

ബിൽ നം.11/18-19/25.10.18-16500

ബിൽ നം.15/18-19/12.03.19-81000

ബിൽ നം.17/18-19/26.03.19-40500

228000

2-പ്രൊജക്ട് നം.38/19(ദേശീയ ആരോഗ്യ പരിപാടി)

ആകെ വാഹനവാടക ചെലവ്-94600

ബിൽ നം.3/18-19/31.07.18-8800

ബിൽ നം.7/18-19/18.08.18-8800

ബിൽ നം.8/18-19/19.09.18-9900

ബിൽ നം.10/18-19/25.10.8-8800

ബിൽ നം.16/18-19/12.03.19-38500

ബിൽ നം.18/18-19/26.03.19-19800

94600

മേൽപ്പറഞ്ഞ പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുകയും വാടകയിനത്തിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ക്രമനം.1 പദ്ധതിക്ക് ചന്ദ്രശേഖരൻ എന്നയാളുടെ KL10 AD-8914 വാഹനവും ക്രമ നം.2 പ്രകാരമുള്ള പദ്ധതി നിർവ്വഹണത്തിന് ശശിധരൻ എന്നയാളുടെ KL05-L-8339 വാഹനവും ഉപയോഗിച്ചിട്ടുണ്ട്. ദിവസേന 1100 രൂപ നിരക്കിലാണ് വാഹനങ്ങൾക്ക് വാടക അനുവദിച്ചിട്ടുള്ളത്. സ.ഉ(സാധാ)നം.3217/2015/തസ്വഭവ. തീ.29.10.15 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ മാർഗ്ഗരേഖ പ്രകാരം ഹോം കെയർ പരിചരണ പ്രവർത്തനങ്ങൾക്ക് വാഹന സൗകര്യം ഇല്ലാത്ത പക്ഷം ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വാഹനത്തെ പി.എം.സിയുടെ അംഗീകാരത്തോടെ തെരെഞ്ഞെടുക്കാവുന്നതാണ്. ക്വട്ടേഷൻ കാലാവധി 6 മാസമായിരിക്കും. മേൽപ്പറഞ്ഞ പ്രകാരം പരമാവധി ഒരു ദിവസം അനുവദിക്കാവുന്ന 1100 രൂപ നിരക്കിൽ വാടക അനുവദിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വാഹനങ്ങളെ തെരെഞ്ഞെടുത്തതിന് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.6/24.10.2019)ക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാഹന വാടക ഇനത്തിൽ അനുവദിച്ച 322600 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-27 വിവിധ മരാമത്ത് പ്രവൃത്തികൾ -പിഴ പൂർണമായും ഈടാക്കിയില്ല

അഞ്ചാംമൈൽ പൂതക്കുളം റോഡ് ടാറിംഗ് (229/19), പന്നിക്കാട് റോഡ് ടാറിംഗ് (219/19) എന്നീ മരാമത്ത്

പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിനെ തുടർന്ന് കരാറുകാരിൽ നിന്നും അന്തിമ ബില്ലിന്റെ 1% നിരക്കിലുള്ള പിഴ ഈടാക്കിയിരുന്നു. കരാർ തുകയുടെ 1% നിരക്കിലുള്ള പിഴയാണ് ഈടാക്കേണ്ടിയിരുന്നത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (എൻക്വയറി നം.9) ബന്ധപ്പെട്ട പ്രവൃത്തികളുടെ കരാറുകാർ പിഴയിനത്തിനുള്ള നഷ്ടം ₹6706/- ഗ്രാമ പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. ചെറായി ഗണപതി എസ്.സി കോളനി റോഡ് (197/19), എള്ളുപ്പറമ്പ് ഗേറ്റ് റോഡ് ടാറിംഗ് (199/19), വാകപ്പാടം കാരക്കുളം റോഡ് ടാറിംഗ് (198/19), മേലെ ഇല്ലിക്കോട്ട് പെയിൻ നടുക്കിനിക്കുന്ന് റോഡ് സൈഡ് കെട്ടൽ (201/19) എന്നീ റോഡ് പ്രവൃത്തികൾ 2016-17 വർഷം അംഗീകാരം നേടിയിരുന്നതാണെങ്കിലും പൂർത്തീകരിച്ചിട്ടുള്ളത് 2018-19 സാമ്പത്തിക വർഷത്തിലാണ്. കരാറുകാരിൽ നിന്നും നിശ്ചിത നിരക്കിലുള്ള പിഴ ഈടാക്കാത്തതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.12) നൽകിയതിനെ തുടർന്ന് കരാറുകാർ പിഴയിനത്തിലുള്ള നഷ്ടം ₹24696/-ഗ്രാമ പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. പിഴ ഒടുക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| രസീത് നം/തീയതി | തുക |
|---|---|
| 119020103721/28-10-19 | 3612 |
| 119020103722/28-10-19 | 3685 |
| 119020103723/28-10-19 | 3021 |
| 119020103718/28-10-19 | 5000 |
| 119020103719/28-10-19 | 8844 |
| 119020103720/28-10-19 | 7240 |

31402/-

## 1-28 അഗതി രഹിത കേരളം പദ്ധതി

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ തുടർ സേവന പ്രൊജക്ട് 31.03.2018ന് അവസാനിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ മുഴുവൻ നിറവേറ്റപ്പെടാതെ പദ്ധതി അവസാനിക്കുകയാണുണ്ടായത്. പദ്ധതി അവസാനിക്കുമ്പോൾ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.37056, കെ.ജി.ബി, പൂക്കോട്ടുംപാടം) 2863898 രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. ഈ തുക അഗതിരഹിത കേരളം പദ്ധതിക്കു വേണ്ടി തുടങ്ങിയ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.61169, കെ.ജി.ബി,പൂക്കോട്ടുംപാടം) മാറ്റി നിക്ഷേപിച്ചിട്ടുണ്ട്. 64 കുടുംബങ്ങളെ ഉൾപ്പെടുത്തിയ ജനറൽ പ്രൊജക്ടിന്റെ ഡി.പി.ആർ, 10 കുടുംബങ്ങളെ ഉൾപ്പെടുത്തിയ എസ്.ടി. പ്രൊജക്ടിന്റെ ഡി.പി.ആർ എന്നിവ കുടുംബശ്രീ മിഷനിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. 2018-19-ൽ പദ്ധതി നടന്നിട്ടില്ല. 19.05.18ന് ഡി.പി.ആർ ജില്ലാ മിഷനിലേക്ക് അയച്ചിരുന്നുവെങ്കിലും, എസ്.ടി വിഭാഗക്കാർക്ക് പ്രത്യകം പ്രൊജക്ട് തയ്യാറാക്കാനാവശ്യപ്പെട്ട് പ്രൊജക്ട് മടക്കിയതായി കാണുന്നു. 30.07.18 ന് വീണ്ടും സമർപ്പിച്ച പ്രൊജക്ടിന് പിന്നീട് അംഗീകാരം കിട്ടിയത് 10.03.19 നാണ്. ഓരോ വർഷവും നിർബന്ധമായും ഫണ്ട് വകയിരുത്തേണ്ട ഇനമാണ് ആശ്രയ/അഗതിരഹിത കേരളം എന്നിരിക്കേ പദ്ധതി നടത്തിപ്പിന് കാലതാമസം നേരിട്ടത് തെരഞ്ഞെടുക്കപ്പെട്ട അഗതി കുടുംബങ്ങളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിന് കാലതാമസം സൃഷ്ടിച്ചുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി നിലവിൽ പ്രവർത്തനം തുടങ്ങിയതായി ബന്ധപ്പെട്ട

നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. പദ്ധതിയുടെ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ഹോമിയോ മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

പ്രൊജക്ട് നം.24/19

ബിൽ നം.1/18-19/13.11.18-150000

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽപ്പറഞ്ഞ ബിൽ പ്രകാരം 150000 രൂപ പിൻവലിക്കുകയും കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ആലപ്പുഴ-യ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നം.LF-641/19-20/17.07.19 പ്രകാരം 77770 രൂപയുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ബാക്കിയുള്ള 72230 രൂപയുടെ മരുന്നുകൾ ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി (നം.4/24.10.19) ക്കുള്ള മറുപടിയായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. മരുന്ന് ലഭ്യമാകുന്നതു വരെ 72230 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

## 2-1 വസ്തുനികുതി കുറവായി ഈടാക്കി - ഗ്രാമപഞ്ചായത്തിന് 10,049/- രൂപ നഷ്ടം.

സ്വകാര്യ ഹോസ്റ്റൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 30 രൂപ / ച.മീ ആയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പൂക്കോട്ടുപാടം നന്മ കൾച്ചർ സെന്ററിന്റെ ഉടമസ്ഥതയിലുള്ള 334.62 ച.മീറ്റർ തറവിസ്തീർണ്ണമുള്ള സ്പെഷ്യൽ റസിഡൻസ് വിനിയോഗത്തിലുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യം എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി 23.10.2018 തിയ്യതിയിൽ 4 രൂപ /ച.മീറ്റർ നിരക്കിൽ നികുതി ചുമത്തിയതിലൂടെ 10,049/- രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | AP 13/456 A |
| തറവിസ്തീർണ്ണം | 334.62 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 30 / ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി ( 334.62 x 30) | 10039 രൂപ |

| | |
|---|---|
| (-) ഇളവ് - 10 % (മേഖല – 10% ) | 1003 രൂപ |
| (+) വർദ്ധനവ് - 20 % (റോഡ്) | 2008 രൂപ |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 11044 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 1473 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 9571 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (11044 x 5%) | 552 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 74 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 478 രൂപ. |
| ആകെ നഷ്ടം (9571 + 478 ) | 10049 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും നഷ്ടതുകയായ 10,049/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 2/24.10.2019 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

ഭാഗം-3

ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിയ്ക്കുന്ന നിരീക്ഷണങ്ങൾ

-ഇല്ല-

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.19 മുതൽ 23.07.2019 വരെ | കെ എസ് എ .എം പി എം 26/880/19 തി. 22.08.19 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കാളികാവ് ബ്ലോക്ക് | 419931 | ലൈഫ് ഭവനപദ്ധതി – (എസ്.സി) (നം.32/19) | 0 | 419931 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | 251100 | ലൈഫ് ഭവനപദ്ധതി – (എസ്.ടി) (നം.39/19) | 0 | 0 (251100/- തിരിച്ചടച്ചു) |
| | 2300128 | ലൈഫ് ഭവനപദ്ധതി – (ജനറൽ) (നം.40/19) | 2300128 | 0 |
| | 637430 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (നം.13/19) | 637430 | 0 |
| | 800000 | ക്ഷീര കർഷകർക്ക് പാലിനി സബ്സിഡി (നം.20/19) | 800000 | 0 |
| മലപ്പുറം ജില്ലാപഞ്ചായത്ത് | 725400 | ലൈഫ് ഭവനപദ്ധതി – (എസ്.സി) (നം.32/19) | 0 | 246469 (478931 രൂപ തിരിച്ചടച്ചു) |
| | 108054 | ലൈഫ് ഭവനപദ്ധതി – (എസ്.ടി) (നം.39/19) | 0 | 0 108054 രൂപ തിരിച്ചടച്ചു |
| | 3006690 | ലൈഫ് ഭവനപദ്ധതി –(ജനറൽ) (നം.40/19) | 3006690 | 0 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 12–ാം വാർഡിലെ വില്ലൂത്ത്പാടം അമീർപടി ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | ബിൽനം.16/18-19/22.09.18 | 145000 | 0 | 145000 |
| കെ എസ് ഇ ബി | സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | ബിൽ നം 26/18-19/24.01.19&8/18-19/26.06.18 | 1187000 | 0 | 1187000 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 16-ാം വാർഡിലെ കുരിക്കൾ കോളനി, അഞ്ചാംമൈൽ,പൂതക്കുളം ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം 15/18-19/24.09.18 | 100000 | 0 | 100000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലപ്പുറം ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ,മലപ്പുറം ,50 ബി ക്ലാസ് ഷെയറുകൾ | 5000 |
| | |
| ആകെ | 5000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1300 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 6(2) | 1300 | ടി. വിശ്വനാഥൻ, പി ഡബ്ലിയു ഡി | 118020105126/21.12.18 |

| | | | | |
|---|---|---|---|---|
| | | | കോൺട്രാക്ടർ | |

# 4-8 സമാഹൃത ഒാഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പർ/തീയതി | തുക | |
| 1 | 1996-97 | 27,28 | കെ രാമചന്ദ്രൻ | എൽ എഫ് 27885/ സ്പെഷ്യൽ സെൽ / എസ് സി ഐ /99തി.18.10.01 | 2084 | അടവാക്കി |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 146821321 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 125193729 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 10,049 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17,56,768 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 10,049 | | ശ്രീ.വി ശിവദാസൻ നായർ, സെക്രട്ടറി |
| ആകെ | 10,049 | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 1-18 | 5,00,000 | ശ്രീ.വി ശിവദാസൻനായർ, സെക്രട്ടറി |
| 1-19 | 4,54,985 | ശ്രീ.വി ശിവദാസൻനായർ, സെക്രട്ടറി |
| 1-23 | 4,06,953 | ശ്രീമതി.ദിവ്യ ജി എൻ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-26 | 3,22,600 | ഡോ.പർവ്വീൺ പി ടി, മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 1-29 | 72,230 | ഡോ. പ്രമോദ് വി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 17,56,768 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.ശിവദാസൻ നായർ, സെക്രട്ടറി | അവധിയിൽ തുടരുന്നു. | പറയറ്റ എരഞ്ഞിമങ്ങാട് (പി ഒ) നിലമ്പൂർ, മലപ്പുറം ജില്ല |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ എസ് എ -എം പി എം 26/948/2018 തീയ്യതി 28.5.18 | 1 | |
| 1998-99 | കെ എസ് എ -എം പി എം26/948/2018 തീയ്യതി 28.5.18 | 7 | |
| 1999-00 | കെ എസ് എ -എം പി എം26/948/2018 | 2 | |

| | | | |
|---|---|---|---|
| | തീയ്യതി 28.5.18 | | |
| 2000-01 | കെ എസ് എ -എം പി എം എം26/948/2018 തീയ്യതി 28.5.18 | 2 | |
| 2001-02 | കെ എസ് എ -എം പി എം എം26/948/2018 തീയ്യതി 28.5.18 | 2 | |
| 2003-04 | കെ എസ് എ -എം പി എം എം26/948/2018 തീയ്യതി 28.5.18 | 2 | |
| 2004-05 | എൽ.എഫ്.എം5/2097/08 തീയ്യതി 20.4.13 | 22 | |
| 2005-06 | എൽ.എഫ്.എം5/2532/2012 തീയ്യതി 20.4.13 | 12 | |
| 2006-07 | എൽ.എഫ്.എം5/28/2011 തീയ്യതി 20.4.13 | 7 | |
| 2007-08 | എൽ.എഫ്.എം5/703/2012 തീയ്യതി 20.4.13 | 18 | |
| 2008-09 | എൽ.എഫ്.എം5/2238/2011 തീയ്യതി 20.4.2013 | 7 | |
| 2009-10 | എൽ.എഫ്.എം5/2239/2013 തീയ്യതി 20.4.2013 | 10 | |
| 10-11 | എൽ.എഫ്.എം5/2158/2012 തീയ്യതി 28.9.12 | 8 | |
| 2011-12,12-13 | എൽ.എഫ്.എം5/1925/2014 തീയ്യതി 7.10.14 | 6 | |
| 2013-14 2014-15 | കെ.എസ്.എ. എം.പി.എം 26/763/16 തിയ്യതി 28.4.16 | 25 | |
| 2015-16 | കെ.എസ്.എ. എം.പി.എം 26/28/17 തിയ്യതി 02.02.16 | 12 | |
| 2016-17 | കെ.എസ്.എ. എം.പി.എം 26/1619/17 തിയ്യതി 25.07.17 | 17 | |
| 2017-18 | കെ.എസ്.എ. എം.പി.എം 26/18/19 തിയ്യതി 03.08.19 | 14 | |

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

## annex.1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.26/880/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 22/08/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.